# നിലമറന്നാൽ

• അബ്ദുൽസലീം കൂലോത്ത്



ഒരിക്കൽ ഒരു രാജാവ് തന്റെ കുതിരപ്പുറത്തു കയറി നാടിന്റെ സൈന്യശക്തി പരിശോധിക്കാൻ പോയി. ഓരോന്നും പരിശോധിച്ച് കുതിരപ്പടയുടെ മുമ്പിലെത്തി.

രാജാവിനെ കണ്ടതും പടത്തലവന്റെ കുതിര ഇരുകാലിലും ഉയർന്നുനിന്ന് രാജാവിന് അതിമനോഹരമായി ഒരു വന്ദനം നൽകിയത് കണ്ടവരെല്ലാം കൈയടിച്ചു. രാജാവ് വാത്സല്യപൂർവ്വം കുതിരയെ തലോടി അവനെ അഭിനന്ദിച്ചത് പക്ഷേ, രാജാവിന്റെ കുതിരക്ക് അത്ര ഇഷ്ടപ്പെട്ടില്ല. രാജാവിന്റെ കുതിര പരിഹാസ സ്വരത്തിൽ പടക്കുതിരയോട് പറഞ്ഞു:

''അദ്ദേഹം നിന്നെ അഭിനന്ദിക്കാൻ മാത്രം ഇതിലെന്തിരിക്കുന്നു? നക്കാപ്പിച്ച ആഹാരവും കഴിച്ച് ജീവിക്കുന്ന നീ ഇതല്ല, ഇതിലും വലിയ അഭ്യാസം രാജാവിന്റെ മുമ്പിൽ കാട്ടിയാലും ഒരു യുദ്ധം വന്നാൽ മുമ്പിൽ ചെന്ന് നിന്നു നയിക്കേണ്ടവനല്ലേ നീ? ഒരു വാൾമുനയിലോ, കുന്തമുനയിലോ നിന്റെ ജീവിതം തീരാൻ വെറും ഒരു നിമിഷം പോരേ?

എന്നാൽ എന്റെ കാര്യം കേൾക്കണോ? രാജാവിന്റെ ഇരിപ്പിടം ഒരുക്കിയ എന്റെ മുതുകിലുള്ള ജീനിയിൽ പിടിപ്പിച്ച അമൂല്യ രത്നങ്ങൾക്കു തന്നെ നിന്റെ ഈ കുതിരപ്പടയുടെ പത്തിരട്ടി വിലവരും! അതും ചുമന്നു നിൽക്കുന്ന എന്നെപ്പോലെ ഭാഗ്യവാൻ ആരുണ്ടീ ഭൂമിയിൽ? ഞാൻ വിശ്രമിക്കുന്ന ആലയം, കഴിക്കുന്ന ആഹാരം, എന്റെ ശുശ്രൂഷക്കും മറ്റും എനിക്ക് ചുറ്റുമുള്ള പരിചാരകർ, ഇതിനെല്ലാം ചെല

▸▸ ഏറ്റവും കൂടുതൽ ദേശാടനം നടത്തുന്ന പക്ഷി– ആർട്ടിക് ടേൺ

നാവിൽ നിന്നും അനുവദിച്ചിട്ടുള്ള സംഖ്യ എത്രയെന്നറിഞ്ഞാൽ നീ ബോധംകെട്ടു വീഴും!

എന്റെ രാജാവിന്റെ മുമ്പിൽ ചില വേല ത്തരംകാട്ടി അൽപ നേരത്തേക്ക് ഒന്നാളായി എന്നു വെച്ച് നീ അധികം ഞെളിയുകയും മറ്റും വേണ്ട; പറഞ്ഞേക്കാം!''

രാജാവിന്റെ കുതിരയുടെ വീമ്പു പറച്ചിൽ മുഴുവനും കേട്ടിട്ടും പടക്കുതിര ഒന്നും മിണ്ടാതെ തലകുനിച്ചു നിന്നതേയുള്ളൂ.

പരിശോധന കഴിഞ്ഞ് രാജാവ് കുതിരപ്പുറത്ത് കയറി തിരിഞ്ഞതും, കുതിരയുടെ കാൽ അറിയാതെ ഏതോ ഒരു കുഴിയിൽപ്പെട്ട് ഒന്നിടറി. ഫലമോ? രാജാവ് മലർന്നടിച്ച് ദേ കിടക്കുന്നു തറയിൽ! വേദനകൊണ്ട് പിടഞ്ഞ രാജാവ് ഒരുകണക്കിന് പുറവും തടവി എഴുന്നേറ്റു ഒരൊറ്റ അലർച്ച: ''ഒരു കുഴിപോലും കണ്ടാൽ മനസ്സിലാകാത്ത ഈ നശിച്ച കുതിരയെ അടിച്ചു പുറത്താക്കി, പകരം വേറൊന്നിനെ ഈ നിമിഷം ഇവിടെ കൊണ്ടു വാ; വേഗം, വേഗം!''

പറഞ്ഞ നേരം കൊണ്ട് രാജാവിന് കരുത്തേറിയതും ഭംഗിയുള്ളതുമായ പുതിയ കുതിരയെത്തി. പഴയ കുതിരയുടെ മുതുകിലെ രാജാവിന്റെ ഇരിപ്പിടം അഴിച്ചെടുത്ത് പുതിയ കുതിരയുടെ പുറത്ത് സ്ഥാപിച്ചു. നിമിഷ നേരംകൊണ്ട് രാജാവ് ആ കുതിരപ്പുറത്ത് കയറി യാത്രയായി. പോകാൻ നേരത്ത് രാജാവിന്റെ ആജ്ഞ: 'പഴയ കുതിരക്ക് നല്ല കടുത്ത പരിശീലനം നൽകി കുതിരപ്പടയിലേക്ക് ചേർക്കുക!''

കൺമുമ്പിൽവെച്ചു നടക്കുന്ന ഈ സംഭവങ്ങൾക്കു സാക്ഷിയായ പടക്കുതിര അതേ നിൽപ്പ് നിന്നതേയുള്ളൂ. കാരണം, എത്രയോ യുദ്ധം കണ്ട പടക്കുതിരക്കറിയാം; അഹങ്കാരത്തിന്റെ അന്ത്യം അധഃപതനമാണെന്നും, ആരുടെയും പതനത്തിൽ ആഹ്ളാദിക്കുന്നത് ഭൂഷണമല്ലെന്നും.

എല്ലാ പ്രതാപവും അസ്തമിച്ച്, രാജഭടനുമൊത്ത് പരിശീലനക്കളരിയിലേക്ക് തലയുംതാഴ്ത്തി പോകുന്ന കുതിരയെയും പരിശീലനക്കളരിയിൽ ആ കുതിര അനുഭവിക്കേണ്ടി വരുന്ന കൊടും യാതനകളെയും കുറിച്ച് ഓർത്തപ്പോൾ പടക്കുതിരയുടെ മനസ്സ് വേദനിക്കാതിരുന്നില്ല.

✦



▸▸ രക്തസമ്മർദം ഏറ്റവും ഉയർന്ന ജീവി– ജിറാഫ്